പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *280 | 09/05/2017 ൽ മറുപടിക്ക്

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള 1500 കി.മി. റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് തീരുമാനം എടുത്തിട്ടില്ല. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ അധീനതയിലുള്ള ചില റോഡുകൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ 22 റോഡുകൾ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുവാൻ എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനുള്ള തുക എവിടെ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; | ബി) കണക്കാക്കിയിട്ടില്ല. |
| സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുകയുടെ ഭൂരിഭാഗവും റോഡുകളുടെ അറ്റകുറ്റപണിക്കായി ചെലവഴിക്കേണ്ടിവരുന്നതുമൂലം തദ്ദേശസ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട പ്രാഥമിക ചുമതലകൾപോലും നിർവ്വഹിക്കുവാൻ കഴിയുന്നില്ലായെന്നത് വസ്തുതയാണോ; എങ്കിൽ റോഡ് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുമോ? | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകയുടെ ഭൂരിഭാഗവും റോഡുകളുടെ അറ്റകുറ്റപണിക്കായി ചെലവഴിക്കുന്നില്ല. ഒരു നിശ്ചിത ശതമാനം തുകയാണ് പശ്ചാത്തല മേഖലയ്ക്ക് വേണ്ടി വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നത്. നടപ്പ സാമ്പത്തികവർഷം ഇത് 30% ആണ്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ് വിഹിതവും റോഡുകളുടെ പുന:രുദ്ധാരണത്തിനായി ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ